بسم الله الرحمن الرحيم

In The Name Of Allah, The Most Gracious, The Most Merciful

# SPECIAL EID-UL-FITR MESSAGE

# ഈദുൽ ഫിത്തർ പ്രത്യേക സന്ദേശം

## Hazrat Khalifathullah Munir Ahmad Azim (A)

**ലോകമാസകലം നിവസിക്കുന്ന മുസ്‌ലീംങ്ങൾക്ക്,**

തശ്ഹദും തഅ്‌വദും അൽഫാത്തിഹായും ഓതിയശേഷം ഹസ്റത്ത് ഖലീഫത്തുല്ലാഹ് മുനീർ അഹ്മ്മദ് അസീം (അ) അവർകൾ ഇപ്രകാരം പറഞ്ഞു തുടങ്ങി.

എന്റെ പ്രിയ സഹോദര-സഹോദരിമാർക്കും കുട്ടികൾക്കും എല്ലാ ഇസ്‌ലാമത വിശ്വാസികൾക്കും

**“അസ്സലാമു അലൈയ്ക്കും വാറഹ്മത്തുല്ലാഹി വാ ബറക്കാത്തുഹു”**

**“എല്ലാവർക്കും എന്റെ ഹൃദയംഗമായ ഈദുൽ ഫിത്തർ ആശംസകൾ”**




പരിശുദ്ധ റംസാൻ മാസത്തിന് പരിസമാപ്തികുറിച്ചു കൊണ്ട് മുസ്‌ലീംങ്ങളായ നാം ഈദുൽ ഫിത്തർ ആഘോഷിക്കുകയാണ്. ഇത് ത്യാഗത്തിന്റെയും അർപ്പണത്തിന്റെയും മഹത്തായ മാസമാണ്. തന്നേയുമല്ല. എല്ലാവിധത്തിലുള്ള ഭയാശങ്കകളിൽ നിന്നും അവനിൽ മാത്രം രക്ഷപ്രാപിക്കുകയും അവനിൽ മാത്രം പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്ന ഭക്തരായ ദാസരിൽ അല്ലാഹു അവന്റെ പ്രത്യേകമായ പ്രീതി വെളിപ്പെടുത്തുന്ന മാസം കൂടിയാണിത്. അടുത്തൊരു ഈ ദുൽ ഫിത്തറിനു കൂടി നമ്മുടെ ജീവിതം സാക്ഷിയായിവർത്തിക്കുവാൻ ഈ വർഷത്തിൽ ഒരിക്കൽ കൂടി അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരിശുദ്ധ ഈദ് ദിനത്തിൽ മുസ്‌ലീംങ്ങൾ നോമ്പനുഷ്ഠിക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. അതിനേക്കാളുപരി നാം അഖിലരും അല്ലാഹുവിന്റെ അഥിതികളാണ്. ആകയാൽ, സൃഷ്ടാവിന്റെ ഹിതത്തിനനുസൃതം നാം സസന്തോഷം ഭക്ഷിക്കുകയും പാനം ചെയ്യുകയും അതുവഴി അവനോടുള്ള കർത്തവ്യങ്ങളെ ആത്മാർത്ഥമായി നിറവേറ്റുന്നതിനോടൊപ്പം അവൻ നമ്മുക്ക് പ്രദാനം ചെയ്തിട്ടുള്ള സ്ഥായിയായ അനുഗ്രഹകടാക്ഷങ്ങളെ അനുസ്മരിക്കുകയും അവന് നന്ദിരേഖപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്.

വളരെ ആനന്ദത്തോടും ആവേശത്തോടും കൂടി ഇസ്‌ലാമികലോകമാകെ ഈദുൽഫിത്തർ ആഘോഷിക്കുകയാണ്. വിശ്വാസികളുടെ ഔദാര്യവൃത്തത്തിനുള്ളിൽ കഴിയുന്ന ദരിദ്രവാസികൾ ഉൾപ്പെടെ എല്ലാ ഓരോരുത്തരും ആഘോഷിക്കുന്ന ഈ ദിനം പ്രത്യേകിച്ചും കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു സുദിനം കൂടിയാണ്. സർവ്വശക്തനായ അല്ലാഹുവിന്റെ പ്രീതി ആർജ്ജിച്ചെടുക്കാമെന്ന പ്രതീക്ഷയാണ് വിശ്വാസികളെ ഈ പുണ്യദിനം അതീവസന്തോഷഭരിതരാക്കി തീർക്കുന്നത്.

ഈദുൽ ഫിത്തറിനെകുറിച്ച് അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് മുസ്തഫാ (സ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

“റംസാൻ മാസത്തിനു സമാപനം കുറിച്ചുകൊണ്ട് ഈദുൽ ഫിത്തറിന്റെ രാത്രി സമാഗതമായി കഴിഞ്ഞാൽ ആ രാത്രിയെ അഭിസംബോധനം ചെയ്യപ്പെടുന്നത് “**സമ്മാനത്തിന്റെ രാത്രികൾ**” എന്നാണ്. ഈദ് ദിവസത്തിന്റെ അതിരാവിലെ തന്നെ ഭൂമുഖത്തുള്ള സമസ്ത പട്ടണങ്ങളും നഗരങ്ങളും സന്ദർശിക്കുവാനായി അല്ലാഹു അവന്റെ മലക്കുകളെ നിയോഗിക്കുന്നതാണ്. അവർ ഒരിക്കൽ ഇറങ്ങിയാൽ എല്ലാ കവാടങ്ങളിലും വഴികളിലും ഇടവഴികളിലും പ്രവേശനപാതകളിലും നിലയുറപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ സർവ്വ സൃഷ്ടികളും ശ്രവിക്കത്തക്കവിധത്തിൽ പ്രത്യേകിച്ചും, ജിന്നുവർഗ്ഗങ്ങളും മനുഷ്യവർഗ്ഗങ്ങളും കേൾക്കത്തക്ക തരത്തിൽ അവർ ഉച്ചത്തിൽ ഒരു പ്രഖ്യാപനം നടത്തുന്നു.

**“ഏയ് മുഹമ്മദിന്റെ സമൂഹമേ നിങ്ങളുടെ മഹാപാപങ്ങൾ പൊറുക്കപ്പെടുന്നതിനും മഹത്തായ സമ്മാനങ്ങൾ സ്വീകരിക്കുന്നതിനുമായി അത്യുന്നതനും ഔദാര്യവാനുമായ അല്ലാഹുവിന്റെ തിരുമുമ്പിൽ വരിക”**

വിശ്വാസികൾ അതീവ പ്രാമുഖ്യത്തോടുകൂടി പ്രാർത്ഥനക്കായി അണിനിരന്നു നിൽക്കുമ്പോൾ അല്ലാഹു അവന്റെ മലക്കുകളോട് ഇപ്രകാരം ചോദിക്കും “**അല്ലയോ എന്റെ മലക്കുകളെ ഈ കരാറുകാരായ തൊഴിലാളികൾക്ക് എന്ത് പ്രതിഫലമാണ് നാം നൽകേണ്ടത്. അവർ അവരുടെതായ ജോലികൾ ശരിയായ നിലയിൽ നിർവ്വഹിച്ചുവോ?**”

അപ്പോൾ അല്ലാഹുവിന്റെ മലക്കുകൾ മറുപടി പറയും

**“ഞങ്ങളുടെ യജമാനനായ നാഥാ അവർക്കുള്ള വേതനം നീ മുഴുവനായും നൽകിയാലും”**

അപ്പോൾ അല്ലാഹു മലക്കുകളോടു പറയും.

റംസാൻ മാസത്തിൽ അവർ നോമ്പനുഷ്ഠിച്ചതിന്റെയും ആ രാത്രികളിൽ അവർ ഉണർന്നതിന്റെയും ഫലമായി ഞാനവരെ അഭിനന്ദിക്കുന്നതും ഞാനവരെ അംഗീകരിക്കുന്നതും അവരുടെ പാപങ്ങൾ ഞാൻ പൊറുത്തു കൊടുക്കുന്നതും ഒപ്പം മഹത്തായ പാരിതോഷികങ്ങൾ അവർക്ക് നൽകുന്നതും കണ്ട് അതിനു സാക്ഷികളായി തീരുവാൻ ഞാനിതാ നിങ്ങളെ ക്ഷണിച്ചുകൊള്ളുന്നു. തുടർന്ന് അല്ലാഹു തന്റെ ദാസരോട് ഇപ്രകാരം പറയും. എന്റെ ശക്തിയേയും മഹനീയതയേയും മുൻ നിർത്തികൊ് ഞാൻ പറയുന്നു. അല്ലയോ എന്റെ ദാസരേ, നിങ്ങളുടെ ആവശ്യങ്ങൾ ഇപ്പോൾ എന്നോട് ചോദിക്കാം. അതായത് നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട ഭൗതീക ആവശ്യങ്ങൾക്കായി ഞാൻ നൽകുന്നതുകൂടാതെ നിങ്ങളുടെ ജീവിതത്തിനുവേി ശേഖരിക്കുവാനാശ്യമായ മറ്റൊന്നും തന്നെ ഞാൻ നിങ്ങളുടെ ആവശ്യങ്ങളിൽ ഇടപെടുന്നതൊഴികെ

ഈ നാളിൽ ചോദിക്കുവാൻ പാടില്ല. ഞാൻ എന്റെ ശക്തിയും മഹത്വവും കൊണ്ട് നിയമപാലകർക്ക് (ശരിഅത്ത്) മുമ്പിൽ നിങ്ങളെ അവഹേളിക്കുകയുമില്ല., നിങ്ങളെ (കുറവുകളെ) അനാവരണമാക്കികാണിക്കുകയുമില്ല. എന്നാൽ നിങ്ങളിപ്പോൾ എന്നിൽ നിന്നും അകന്നുപോകുന്നപക്ഷം അറിഞ്ഞുകൊള്ളുവിൻ, ഞാൻ നിങ്ങൾക്ക് മാപ്പുനൽകിയിരുന്നതായും ഞാൻ നിങ്ങളെ അംഗീകരിച്ചിരുന്നതായും ഞാൻ നിങ്ങളിൽ സംതൃപ്തിപ്പെട്ടിരുന്നതായും''.
(Reference: Ghunyalit Taalibi Tareeqal Haq, Vol. 3)

അതിനേക്കാളുപരി തിരുനബി (സ) പറയുന്നു.

**"ഈദ് നമസ്കാരം പൂർത്തിയാക്കി കൊണ്ട് വിശ്വാസികൾ മടങ്ങുന്നതോടൊപ്പം അവർ ചെയ്തു കഴിഞ്ഞസർവ്വ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്."** (മിശ്ക്കാത്ത് ശരീഫ്)

റംസാൻ മാസത്തിൽ അല്ലാഹുവിന്റെ കല്പനകളെ സംപൂർണ്ണമായി പാലിച്ച മുസ്ലീംങ്ങൾക്ക് ഇദുൽ ഫിത്തർ തികച്ചും സന്തോഷത്തിന്റെ സമയമാണ്. എന്നാൽ ഈദ് യഥാർത്ഥസന്തോഷത്തിന്റെ നീരുറവയായതെപ്പോഴെന്നാൽ അത് ഇസ്ലാം രൂപീകൃതമായ ദിനങ്ങളിലാണ്. അന്ന് മുസ്ലീംങ്ങളാകെ ഏക വിഭാഗക്കാരായിരുന്നു. പക്ഷേ ദൗർഭാഗ്യവശാൽ ഇപ്പോൾ മുഹമ്മദിയ്യാ ഉമ്മത്തഖിലരും ഏക കക്ഷികളാണെന്ന് നമ്മുക്ക് പറയുവാൻ നിർവ്വാഹമില്ല. ഇസ്ലാം പല വിഭാഗങ്ങളായി വിഘടിച്ചു. മാത്രമല്ല സഹോദരൻമാർ സഹോദരൻമാർക്ക് നേരെ തന്നെ പരസ്പരം അക്രമങ്ങൾ അഴിച്ചു വിടുന്നു.

അല്ലാഹുവിന്റെ സന്ദേശവാഹകനായി ഈ വിനീതൻ ആഗതനായിട്ടുള്ളത് മാനവരാശിക്കായും പ്രത്യേകിച്ചും മുസ്ലീംങ്ങൾക്കായുമാണ്. ഇസ്ലാം ഇപ്പോൾ തീർത്തും അപകടനിലയിലാണ്. ഇതിന് പ്രാഥമിക ഉത്തരവാദികൾ മുസ്ലീംങ്ങൾ തന്നെയാണ്. അവരുടെ പ്രവൃത്തികൾ മുഖാന്തിരം ഇസ്ലാമിന് മോശമായ ചിത്രം കൈവന്നുഎന്നുമാത്രമല്ല, അതിന്റെ ബഹുമതി കളങ്കപ്പെടുകയും ചെയ്തു.

ഈ വർഷത്തെ ഈദുൽഫിത്തറിന്റെ വരവോടുകൂടി നാം ഹിജ്റ 1435 ലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇസ്ലാമിനെ ഏകോപിപ്പിക്കുന്നതിനായുള്ള വിവിധതര പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടെങ്കിലും അതൊന്നും തന്നെ ഫലവത്തായില്ല. നമ്മുടെ ചരിത്രമെടുത്താലും ശരി, മാനവരാശിയുടെ ചരിത്രമെടുത്താലും ശരി നാം ഇപ്പോൾ ഒരു നിർണ്ണായകഘട്ടത്തിലാണ് എത്തിനിൽക്കുന്നത്. ഇസ്ലാമിന്റെ പ്രതിയോഗികൾ ഇസ്ലാമിനെയും മുസ്ലീംങ്ങളെയും ഉൻമൂലനം ചെയ്യുവാനായി രംഗത്തെത്തിയിരിക്കുന്നു. ഒപ്പം മുസ്ലീംങ്ങൾ പരസ്പരം അക്രമാസക്തരായി നശിക്കുന്നതിനുപര്യാപ്തമായ സാഹചര്യങ്ങളും അവർ സൃഷ്ടിക്കുന്നു. അതുവഴി ഇസ്ലാം മതത്തിന് തീവ്രവാദത്തിന്റെയും, ഹിംസയുടെയും, മൂല്യശൂന്യതയുടെയും, മുഖമുദ്ര നൽകി ചിത്രീകരിക്കപ്പെടുന്നു.

ഇസ്ലാം ഇന്ന് എല്ലാ വിഭാഗക്കാരാലും ഭീക്ഷണിയെ നേരിടുന്നു. നമ്മുടെ പാലസ്തീനിലുള്ള സഹോദര സഹോദരിമാരും കുട്ടികളും തീർത്തും വൈഷമ്യങ്ങൾ നിറഞ്ഞ ഒരു ദുരവസ്ഥ്തയിലാണുള്ളത്. ഇസ്രയേല്യരുടെ കരങ്ങളാൽ അവർ രക്തസാക്ഷികളാക്കപ്പെടുന്നു. ഇത്തരം കൊലപാതകങ്ങളെ കാര്യമായ ഇടപ്പെടലുകൾ വഴി അറുതി വരുത്തുന്നവിഷയത്തിൽ ഒരു വിരൽപോലും അനക്കുവാൻ മേലാത്തവിധത്തിൽ കേവലംനോക്കു കുത്തികളായി തീർന്നിരുക്കുന്നു ലോക രാഷ്ട്രങ്ങളഖിലവും. ഇസ്ലാം എന്ന ശരീരം അതിന്റെ പരിപൂർണ്ണവളർച്ചയിൽ

എത്തിപ്പെട്ടിട്ടും പ്രസ്തുത ശരീരത്തിന്റെ ഭാഗമായ മുസ്ലീംങ്ങൾ ഉറപ്പായും അജ്ഞരും ദുരിതമനുഭവിക്കുന്നവരുമായി തീർന്നിരിക്കുന്നു. ഭൗതീക സാമഗ്രികകളാൽ സമ്പന്നരായിട്ടുള്ള ഇസ്ലാമിന്റെ ശത്രുക്കളുമായി തുലനം ചെയ്തു നോക്കിയാൽ മുസ്ലീംങ്ങൾ തികച്ചും അശക്തരാണ്. നമ്മുടെ ശക്തി ചോരാതെയും വിശ്വാസം നഷ്ടപ്പെടുത്താതെയും എല്ലാം സർവ്വശക്തനായ അല്ലാഹുവിന്റെ സന്നിധിയിലർപ്പിക്കുക. പീഡിതരായ അവന്റെ ദാസർക്ക് സമാധാനം നൽകുവാൻ അവൻ മിതയായവനല്ലെ? നാം ഒന്നാണ് എന്ന വികാരത്തോടു കൂടി മുസ്ലീംങ്ങൾ പരസ്പര ഒരു ശരീരമായി പ്രവർത്തിക്കുക. അങ്ങനെയാകുന്ന പക്ഷം പല യുദ്ധങ്ങളിലും വിജയം നേടാം. അതായത് അല്ലാഹുവിന്റെ പ്രീതിക്കും ധർമ്മത്തിനുമായി ചെയ്യപ്പെട്ട ബദർയുദ്ധം കണക്കെ പലതിലും ജൈത്രോത്സവരാകാം.

ഈ ഈദ് ദിനത്തെ നാം ഒരിക്കലും വിസ്മരിച്ചു പോകരുത്. ഈ സന്തോഷകരമായ റംസാനും ഈദുൽ ഫിത്തറും ആനന്ദ ആഘോഷമയമാക്കുവാൻ കഴിയാതെ വേദനയനുഭവിക്കുന്നവരുടെ രോദനം സഹായത്തിനായുള്ള അവരുടെ കേഴൽ അങ്ങ് സ്വർഗ്ഗത്തിന്റെ അകത്താളങ്ങളിൽ വരെ കേൾക്കുന്നുവാവാം. എന്റെ പ്രിയരെ, നാമെല്ലാം ഒത്തുചേർന്ന് അല്ലാഹുവിലേക്ക് തിരിച്ച് അവന്റെ സഹായത്തിനായി അർത്ഥിക്കാം. അല്ലാഹു നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് ഒന്നു മാത്രമാണ് അതായത് അവന്റെ ആത്മാർത്ഥ ദാസരായികൊണ്ട്, ഇസ്ലാം ഒറ്റ ശരീരമായി മാറി അവന്റെ അനുഗ്രഹത്തിനും അനുമോദനത്തിനുമായി പരിശ്രമിച്ചുകൊണ്ടിരിക്കണം എന്നതാണ്. അതു നാം ചെയ്യേണ്ടതല്ലെ?

എന്റെ മുസ്ലീംങ്ങളായ സഹോദരി സഹോദരൻമരെ, കുട്ടികളെ, ഇസ്ലാമിന്റെ ഈ ദുരിതാവസ്ഥയോർത്ത് വേദനിക്കുന്നവരെ ചിലവാക്കുകളിലൂടെ ഞാൻ അപേക്ഷിക്കുകയാണ്. **ഇസ്ലാമിന്റെ വിജയത്തിനും ലോകത്തിന്റെ വിവിധഭാഗങ്ങളിലായി ഏറെ വേദനകൾ അനുഭവിച്ചുവരുന്ന മുസ്ലീംങ്ങളുടെ ശോചനീയാസ്ഥിതിയിൽ നിന്നുള്ള വിമോചനത്തിനുമായി വിനയം നിറഞ്ഞ ഈ പ്രാർത്ഥനയിൽ ഭാഗഭാക്കാകുവാൻ ഞാൻ നിങ്ങളെ ക്ഷണിച്ചുകൊള്ളുന്നു. എല്ലാ മുസ്ലീംങ്ങൾക്കും പ്രത്യേകിച്ചും, പാലസ്സ്ഥീൻ നിവാസികളായ മുസ്ലീംങ്ങൾക്കും അല്ലാഹു കാരുണ്യം വർഷിക്കുമാറാകട്ടെ. പാലസ്സ്ഥീനിലെ മുസ്ലീംങ്ങൾ അവർ സ്വദേശത്തുതന്നെ അനുദിനം ഭീതിയോടും പീഡിതരായും കഴിഞ്ഞുകൂടുന്നു. അവരെ പീഡനങ്ങൾക്ക് വിധേയരാക്കുന്നവരുടെ കരങ്ങളിൽ നിന്നുള്ള രക്ഷക്കായും, ഇത്തരം യാതനകൾക്ക് അന്ത്യംകുറിക്കുന്നതിനായും, പീഡിപ്പിക്കുന്നവർ പരാജയമടഞ്ഞു കൊണ്ടും, മുസ്ലീംങ്ങൾ വിജശ്രീലാളിതരായികൊണ്ടും, അവരുടെ രാജ്യത്തും അതിനുചുറ്റുമുള്ള രാജ്യത്തും ഇസ്ലാമിന്റെ ഉദയം വെളിപ്പെടുത്തികൊള്ള ഒരു ഈ ദുൽ ഫിത്തർ സമാഗതമാകട്ടെ.** (ഇൻശാ അല്ലാഹ്).

ഇത്രയും ശ്രവിച്ചതിനു നന്ദി. **ഈദ് മുബാറക്ക്** ഇതുമാതിരി എല്ലാ ഓരോ ദിവസവും നമ്മുക്ക് ഈദുൽഫിത്തറായിതീരട്ടെ. ആമീൻ അസ്സലാമു അലൈക്കും വാ റഹ്മത്തുല്ലാഹി ബറക്കാത്തുഹു.

Translated by

*A.S Kaliakkavilai*

**Issued by:**
Jamaat Ul-Sahih Al Islam
Dawa Department
Tamil Nadu. (Regd.No. A/693)
E-mail: sahihazisulsat@gmail.com
Web: www.jamaat-ul-sahih-al-islam.com

Proof Reader
**Azim Ahmad**
Sadr Sahibul Faraj
Kerala/ Tamil Nadu
Cell: 09947181650